

# YUVADEEPTHI KCYM

## Eparchy Of Kothamangalam

# HAZON

A VISION TO INSPIRE CATHOLIC YOUTH
TO WALK IN THE LIGHT OF CHRIST

## കർമ്മപദ്ധതി 2025-2026

ക്രിസ്തു വിപ്ലവം, പ്രത്യാശയുടെ യുവത്വം

OUR NEW SHOWROOM

SINCE 1995 ®

# VINTAGE WHEEL

www.vintagewheel.in

CLOTHING TAILORING & UNIFORM LADIES INNER SHOPPE

കോതായിക്കുന്ന് ബൈപ്പാസ് റോഡ്, പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപം,
പ്യൂമ ഷോറൂമിന് എതിർവശം, തൊടുപുഴ, Ph: 9037537771, 9447022513

"ENHANCE YOUR PERSONALITY"




info@vintagewheel.in

- SHIRTINGS
- SUITINGS
- LADIES INNER SHOPPE
- UNIFORMS
- TAILORING
- COMPUTERISED EMBROIDERY
- T-SHIRTS
- TOTAL UNIFORM SOLUTION

Our Head Office:

Vintage Wheel Clothing
Zion Readymades,
Vintage Ladies Inner Shoppy
Clothing, Uniforms & Tailoring
Nirmala Centre, College Road
Muvattupuzha
Ph: 994 703 4777, 980 966 0777

Our BRANDS

J.HAMPSTEAD WORLD'S FINEST FABRIC & APPAREL A DIFFERENT LEAGUE
CADINI
BURGOYNE APPAREL
Canetti ITALY
Raymond
Siyaram's
Mafatlal
Arvind STORE
Reid & Taylor
LINEN VOGUE la classe
LEONARDO MARTINO

ഇടവകയിലൂടെ ലോകത്തെ
നവീകരിക്കുക

# HAZON

A VISION TO INSPIRE CATHOLIC YOUTH,
TO WALK IN THE LIGHT OF CHRIST

ക്രിസ്തു വിപ്ലവം, പ്രത്യാശയുടെ യുവത്വം

യുവദീപ്തി കെസിവൈഎം
കോതമംഗലം രൂപത



Leo PP. XIV

# ഉൾത്താളുകളിൽ



2 ഇടയവചസ്സ്


3 മുഖമൊഴി


4 കർമ്മവീഥിയ്ക്ക് ഒരാമുഖം


5 മാതൃമൊഴി


6 സ്നേഹപൂർവ്വം


7 വി.തോമസ് മൂർ

11 പ്രവർത്തന വീഥിയിലെ ഇന്നലെകൾ

15 യുവദീപ്തി പ്രസ്ഥാനത്തെ ഇതുവരെ നയിച്ചവർ

20 യുവദീപ്തിയെ അടുത്തറിയാൻ

22 കെ.സി.വൈ.എം സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങൾ

23 യൂണിറ്റ് – ഫൊറോനകൾക്ക് ഒരു കൈവഴി

26 ഫൊറോന ഇൻചാർജേഴ്സ്

27 കർമ്മവീഥിയിലേക്ക് 2025 – 26

30 കോതമംഗലം രൂപത യുവജന ശുശ്രൂഷ സംരംഭങ്ങൾ

36 Vision 2033 – യൂത്ത് അസംബ്ലി

45 ഫൊറോനകളും യൂണിറ്റുകളും

62 മിത്ര് – പ്രാർത്ഥന

69 KCYM ആന്തം & യുവദീപ്തി ആന്തം

70 KCYM ഭാരവാഹികളുടെ പ്രതിജ്ഞ & യുവദീപ്തി അംഗങ്ങളുടെ പ്രതിജ്ഞ



# ഇടയവചസ്സ്

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025 ജൂബിലിയിൽ പ്രവർത്തന വർഷം ആരംഭിക്കുകയാണ്. “Hazon; ക്രിസ്തുവിപ്ലവം പ്രത്യാശയുടെ യുവത്വം” എന്ന പേരാണല്ലോ നാം ഈ വർഷത്തെ മാർഗരേഖയ്ക്ക് നൽകുന്നത്.

ഈശോയിൽ കേന്ദ്രീകൃതമായ കാഴ്ചപ്പാടോടെയാണ് നാം മുന്നോട്ട് നീങ്ങുന്നത്. എല്ലാ കാലങ്ങളിലും കത്തോലിക്കാസഭ പ്രതീക്ഷയോടുകൂടി ഉറ്റു നോക്കുന്നത് യുവജനങ്ങളിലേക്കാണ്. യുവജനങ്ങളാണ് സഭയുടെ കരുത്തും ഭാവിയും എന്നുള്ള കാര്യം സഭ ആവർത്തിച്ച് പറയുന്നുണ്ട്. പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പ യുവജനങ്ങളോട് പറയുന്നത് ' You are Beacons of Hope' എന്നാണ്. പ്രത്യാശ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ലോകത്ത് പ്രത്യാശയുടെ തീർത്ഥാടകരാകാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രൈസ്തവരും എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കുക എന്നതാണ് ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് നമ്മോട് ആവശ്യപ്പെടുന്നത്.

നമ്മളിലേക്ക് തന്നെ ഒതുങ്ങാതെ പൊതുനിരത്തുകളിലേക്ക് ഇറങ്ങി തീക്ഷ്ണതയോടെ പ്രവർത്തിക്കാനും ക്രൈസ്തവ സാന്നിധ്യവും സാക്ഷ്യവും നൽകാനും ഈ വർഷത്തെ എല്ലാ പ്രവർത്തനങ്ങൾക്കും സാധിക്കട്ടെ. യുവദീപ്തി പ്രവർത്തകരായ നിങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹവും നേരുന്നു.

എന്ന്,

മാർ ജോർജ് മഠത്തിക്കണ്ടത്തിൽ
**ബിഷപ്പ് കോതമംഗലം രൂപത**





# മുഖമൊഴി

1978 ൽ പിറവിയെടുത്ത കേരള കത്തോലിക്കാ യുവജന പ്രസ്ഥാനം നീണ്ട 47 വർഷങ്ങളായി ക്രിസ്തു എന്ന യൗവ്വനയുക്തൻ പകർന്നു നൽകിയ പ്രചോദനത്താൽ കാലത്തിന്റെ പ്രവാചകരായി, സമൂഹത്തിൽ നീതിയുടെ ശബ്ദമായി നിലകൊള്ളുന്നു. ക്രൈസ്തവദർശനങ്ങളിൽ അടിയുറച്ച് സഭയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനും സമഗ്രവളർച്ചയ്ക്കും വേണ്ടി രൂപം കൊണ്ട കെ.സി.വൈ.എം സംഘടന ശബ്ദമില്ലാത്തവന്റെ ശബ്ദമായി, മാറ്റത്തിന്റെ ശംഖൊലിയായി, ക്രിസ്തു വിപ്ലവമായി മുന്നേറിക്കൊണ്ടിരിക്കുന്നു. കെ.സി.വൈ.എം എന്നത് വെറുമൊരു സംഘടനയല്ല, വർഷങ്ങളുടെ ചെറുത്തുനിൽപ്പിന്റെയും, സമര പോരാട്ടങ്ങളുടെയും നീതി തേടിയ ചുവടുകളുടെയും വിപ്ലവചരിത്രം പേറുന്ന നിലപാടുകളുടെ വേദിയാണ്.

'ക്രിസ്തു വിപ്ലവം പ്രത്യാശയുടെ യുവത്വം' എന്ന പഠന വിഷയവുമായി പുതിയൊരു പ്രവർത്തന വർഷം ആരംഭിക്കുമ്പോൾ സംഘടനയുടെ ജീവനാഡികളായ നമ്മുടെ ഇടവക യൂണിറ്റുകളെ ശക്തിപ്പെടുത്താനും, യൗവ്വനത്തിന്റെ ഭാവാത്മകതയെ ഉയർത്തിപ്പിടിച്ചു കൊണ്ട് മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരികളിൽ നിന്ന് യുവജനങ്ങളെ സംരക്ഷിക്കുവാനും, നവയുഗ മാധ്യമങ്ങളെ ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ ഉപയോഗപ്പെടുത്താനും നമുക്ക് കഴിയണം.

മാധ്യമ വിചാരണയിൽ കേരളത്തിന്റെ ക്രൈസ്തവ മനഃസാക്ഷി പ്രതിരോധത്താൽ ഹൈജാക്ക് ചെയ്യപ്പെടുന്ന അസുരകാലത്ത് യുവജനങ്ങളുടെ സർഗ്ഗശേഷി ക്രിയാത്മകമായി ഉപയോഗിച്ചു കൊണ്ട് സഭയുടെ ധാർമ്മിക ശബ്ദമായി കാലത്തിനു മുൻപേ സഞ്ചരിച്ചു കൊണ്ട് ധീരതയോടെ മുന്നേറുവാൻ യുവജനങ്ങളായ നമുക്കേവർക്കും സാധിക്കട്ടെ.

എന്ന്,
സാവിയോ തോട്ടുപുറം
(പ്രസിഡന്റ്)



# കർമ്മവീഥിയ്ക്ക് ഒരാമുഖം

പ്രിയമുള്ള യുവജന സുഹൃത്തുക്കളെ,

വിശ്വാസ ജീവിതത്തിന്റെ കരുത്തുമായി മുന്നേറുന്ന യുവജനങ്ങൾക്ക് മനോഹരമായ പ്രവർത്തനവേദിയാണ് 'Hazon'. കാലംചെയ്ത ഫ്രാൻസിസ് മാർപാപ്പ സൂചിപ്പിച്ചതുപോലെ "യുവജനങ്ങൾ വിശ്വാസം പ്രഘോഷിക്കുന്നതിനും, സന്തോഷത്തോടെ ശുശ്രൂഷകൾ ചെയ്യുന്നതിലും സംയമനത്തോടെ സംവാദങ്ങളിൽ ഏർപ്പെടുന്നതിലും തീഷ്ണതയുള്ളവരായിരിക്കട്ടെ".

നാം ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ് പരിശുദ്ധ കന്യകാമറിയത്തെപ്പോലെ ധൈര്യപൂർവം ശുശ്രൂഷകളിൽ തീക്ഷണതയുള്ളവരായി തീരുക എന്നത്. ഈ ലോകത്തിന്റെ വെല്ലുവിളികളെ ധൈര്യപൂർവ്വം നേരിടുക യുവജനങ്ങൾക്ക് മുന്നിലുള്ള ഒരു വെല്ലുവിളിയാണ്. ധാർമിക മൂല്യങ്ങൾക്ക് ശോഷണം സംഭവിക്കുന്ന ഈ ലോകത്തിൽ പൊതുബോധം സൃഷ്ടിക്കുക ഇന്നിന്റെ യുവജനത്തിന്റെ ഉത്തരവാദിത്തമാണ്.

വിശുദ്ധ പൗലോസ് ശ്ലീഹാ തിമോത്തിയോസിന് എഴുതിയ രണ്ടാം ലേഖനം 1-ാം അധ്യായം 7-ാം വാക്യം നമ്മെ ഓർമ്മപ്പെടുത്തുന്നു "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല ദൈവം നമുക്ക് നൽകിയത് ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആത്മാവിനെയാണ്"(2 തിമോത്തി 1;7). ദൈവഭക്തിയിൽ പരിശീലനം നേടി സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും മാതൃകകളായി തീരാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്,

ഫാ.സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ

(ഡയറക്ടർ)

# മാതൃമൊഴി



ഏറെ പ്രിയപ്പെട്ട യുവജന സുഹൃത്തുക്കളെ,

ദൈവാനുഭവങ്ങളുടെയും കർമ്മനിരതമായ പ്രവർത്തനങ്ങളുടെയും ഒരു പുതിയ വർഷം കൂടി നമ്മെ വരവേറ്റിരിക്കുകയാണ്. കഴിഞ്ഞ വർഷത്തേക്കാളുപരി നവമായ പദ്ധതികൾക്കൊണ്ട് യുവത്വത്തെ കൂടുതൽ ഉണർവുള്ളവരാക്കി വളർത്തിയെടുത്ത് തിരുസഭാ മനോഭാവത്തിൽ ജീവിക്കുന്ന അനേകം യുവതീയുവാക്കന്മാരെ പ്രോത്സാഹിപ്പിക്കുവാനും, പ്രചോദിപ്പിക്കുവാനും 25-26 ഭരണസമിതിക്ക് കഴിയട്ടെ.

ഒപ്പം നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ ജൂബിലി വർഷത്തിൽ നമുക്ക് ദൈവത്തോടും നമ്മൾ തമ്മിലും, മാതാപിതാക്കളോടും, സഹോദരങ്ങളോടും നല്ല ബന്ധം പുലർത്തുവാനും കഴിയട്ടെ.

ഉത്തരവാദിത്ത്വബോധമുള്ള,തീക്ഷണതയുള്ള, കർമ്മോത്സുകരായ, ഒരു യുവതലമുറയെ പടുത്തുയർത്തുവാനും നല്ല ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

എന്ന്,

സി. റെറ്റി എഫ് .സി.സി

(ആനിമേറ്റർ)



# സ്നേഹപൂർവ്വം

സ്നേഹം നിറഞ്ഞവരെ.....

"ക്രിസ്തുവിപ്ലവം പ്രത്യാശയുടെ യുവത്വം" എന്നതാണല്ലോ ഈ വർഷത്തെ ആപ്തവാക്യം. നമുക്കു പ്രത്യാശ ആവശ്യമുണ്ട്! നഷ്ടപ്പെട്ടവരെപ്പോലെയും നിരാശയിൽ അകപ്പെട്ടവരെപ്പോലെയും നമ്മൾ ജീവിതത്തെ മുന്നോട്ട് നയിക്കുന്നു. പലപ്പോഴും നമ്മളെത്തന്നെ അയോഗ്യരായും, ജീവിതങ്ങളിൽ അന്ധകാരം ഒരിക്കലും അവസാനിക്കുന്നില്ലാത്തവരായും നമ്മൾ കരുതുന്നു. എന്നിരുന്നാലും പ്രത്യാശ നമ്മൾ ഒരിക്കലും ഉപേക്ഷിക്കരുത് കാരണം ദൈവം അവന്റെ സ്നേഹമായി നമ്മോടൊപ്പം സഞ്ചരിക്കുന്നു. പ്രത്യാശ എന്താണെന്നു പഠിക്കാനായി നമ്മളെത്തന്നെ ദൈവത്തിനു സമർപ്പിക്കുക. നമ്മൾ അന്ധകാരത്തിലായിരിക്കുമ്പോൾ, ബുദ്ധിമുട്ടിലായിരിക്കുമ്പോൾ നമുക്കു സ്വയം പുഞ്ചിരിക്കാൻ കഴിയില്ല, എന്നാൽ യാഥാർത്ഥത്തിൽ പ്രത്യാശയാണ് പുഞ്ചിരിക്കാനും ദൈവത്തിലേക്കു നയിക്കുന്ന പാതകൾ കണ്ടെത്താനും നമ്മളെ പഠിപ്പിക്കുന്നത്.

ദൈവത്തിന്റെ വരവിനായി ആത്മവിശ്വാസത്തോടെ നമുക്കൊരുങ്ങാം നമ്മുടെ ജീവിതങ്ങളിൽ എത്രമാത്രം മരുഭൂമി ഉണ്ടായാലും ഓരോരുത്തർക്കും അവൻ നടക്കുന്ന മരുഭൂമി അറിയാം. അതു പൂക്കൾ നിറഞ്ഞ ഒരു പൂന്തോട്ടമായി തീരും. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല.

എന്ന്,

ഫാ. ആന്റണി വിളയപ്പിള്ളിൽ

(അസി. ഡയറക്ടർ)

# വിശുദ്ധ തോമസ് മൂർ

## കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ

**ബാ**രിസ്റ്ററും സാമ്രാജ്യത്തിന്റെ ബട്ട്ലറും ആയിരുന്ന ജോൺ മൂറിന്റെ മകനായി സർ തോമസ് മൂർ 1478 ഫെബ്രുവരി 7-ാം തീയതി ഇംഗ്ലണ്ടിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു. അദ്ദേഹം വിദ്യാഭ്യാസം ആരംഭിച്ചത് തെസ്‌നീഡ് സ്ട്രീറ്റിലെ സെന്റ് ആന്റണീസിന്റെ സ്കൂളിലാണ്.

പണ്ഡിതനായ മോർട്ടൻ മെത്രാപ്പോലീത്തയുടെ അരമനയിൽ തോമസ് മൂറിന് ബാലഭൃത്യനായി ജോലി ലഭിച്ചു. തോമസിന്റെ ബുദ്ധിവൈഭവത്തിൽ അത്ഭുതം തോന്നിയ മോർട്ടൻ, അദ്ദേഹത്തെ ഉന്നത വിദ്യാഭ്യാസത്തിനായി ഓക്സ്ഫോർഡ് സർവകലാശാലയിലേക്ക് അയച്ചു. തോമസ് ഒരു ബാരിസ്റ്റർ ആകണമെന്നായിരുന്നു പിതാവിന്റെ താല്പര്യം. അതുകൊണ്ട്, തന്റെ പതിനാറാം വയസ്സിൽ ഓക്സ്ഫോർഡിലെ പഠനം ഉപേക്ഷിച്ച ശേഷം, അദ്ദേഹം ലിങ്കൺസിൽ നിയമപഠനത്തിനായി ചേർന്നു.

വക്കാലത്ത് പണി തുടങ്ങിയ ശേഷവും കുറെ വർഷത്തേക്ക് തോമസ് മൂർ, നിത്യചെലവുകൾക്കായി ഫർണിവൽസ് ഇൻ-ൽ നിയമശാസ്ത്ര പ്രസംഗികനായി ജോലി ചെയ്തു. ഒരു പ്രഗൽഭനായ വക്കീലായിരുന്നു അദ്ദേഹം. എന്നിരുന്നാലും, തന്റെ അടുക്കൽ കേസുമായി വരുന്നവരെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ അദ്ദേഹം വളരെയേറെ ശ്രമിച്ചിരുന്നു.



1504-ൽ തോമസ് മൂർ ബ്രിട്ടീഷ് പാർലമെന്റിലെ ഒരു സാമാജികനായി തിരഞ്ഞെടുക്കപ്പെട്ടു. ഇംഗ്ലണ്ടിൽ രാജാവായിരുന്നു ഹെൻട്രി എട്ടാമന്റെ പുത്രിയെ സ്കോട്ട്ലണ്ടിലെ രാജാവിന് വിവാഹം ചെയ്തു കൊടുക്കുന്നതിന് വിശേഷ വിധിയായ ഒരു ധനാഭ്യർത്ഥന പാർലമെന്റിൽ വന്നതിനോട് തോമസ് മൂർ ധൈര്യപൂർവം പ്രതിഷേധിക്കുകയുണ്ടായി. ഇതിനാൽ മൂറിന് പ്രശസ്തി ഉണ്ടായെങ്കിലും അദ്ദേഹം രാജകോപത്തിന് പാത്രമായി ഭവിച്ചു.. ഇതിനിടയിൽ അദ്ദേഹം സ്വപ്രയത്നം കൊണ്ട് ഗ്രീക്ക്, ലത്തീൻ, ഫ്രഞ്ച്, ഗണിതം എന്നിവയിൽ പ്രാവീണ്യം സമ്പാദിച്ചു.

സന്യാസത്തിന്റെ ഭാരം തനിക്ക് ദുർവഹമായിതീർന്നേക്കുമെന്ന് കണ്ട് വിവാഹം ചെയ്തു ഗൃഹസ്ഥ ജീവിതം നയിക്കുവാൻ തീരുമാനിച്ച അദ്ദേഹം 1505 ൽ 27-ാമത്തെ വയസ്സിൽ ജെയിൻ കോൾട്ട് എന്ന സ്ത്രീയെ വിവാഹം ചെയ്തു.

പ്രാർത്ഥനയിലും വിദ്യാസമ്പാദനത്തിലും ഉറച്ച ഒരു ജീവിതരീതിയാണ് അദ്ദേഹം കുടുംബത്തിൽ വളർത്തിയെടുത്തത്. സ്ത്രീകളെ വിദ്യാസമ്പാദനത്തിന് പ്രോത്സാഹിപ്പിക്കാതിരുന്ന കാലഘട്ടത്തിൽ അദ്ദേഹം തന്റെ മൂന്ന് പെൺമക്കളെയും പഠിപ്പിച്ച് പണ്ഡിതകളാക്കി. കുടുംബങ്ങളുമായി നല്ല ബന്ധം സൂക്ഷിച്ചിരുന്ന തോമസ് മൂർ പക്ഷിമൃഗാദികളെ വളരെയേറെ സ്നേഹിച്ചിരുന്നു.

തോമസ് മൂറിന്റെ ആധ്യാത്മിക നില വളരെ ഉയർന്നതായിരുന്നു എല്ലാ ദിവസവും പ്രഭാതത്തിൽ രണ്ടുമണിക്ക് എഴുന്നേറ്റ് പ്രാർത്ഥിക്കുന്ന അദ്ദേഹം ഒരു ദിവസം പോലും വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽ മുടക്കം വരുത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ത്യാഗമനോഭാവം ജീവിതത്തിലുടനീളം ദർശിക്കുവാൻ സാധിക്കും.

കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിൽ അദ്ദേഹം വളരെയേറെ സന്തോഷം കണ്ടെത്തിയിരുന്നു. ചാൻസലർ സ്ഥാനം വഹിക്കുമ്പോൾ തോമസ് മൂർ ചെൽസി എന്ന സ്ഥലത്ത് ഒരു വീട് വാടകയ്ക്ക് എടുത്ത് അഗതികളെയും രോഗികളെയും സംരക്ഷിച്ചിരുന്നു. പാവപ്പെട്ടവർ താമസിക്കുന്ന തെരുവുകളിൽ കുടുംബസമേതം പോയി സഹായിക്കുവാനും തോമസ് ശ്രദ്ധിച്ചിരുന്നു. സുകൃതമാണ് ഏറ്റവും വലുതെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

1529 ഹെൻട്രി എട്ടാമൻ തോമസ് മൂറിനെ ലോഡ് ചാൻസിലർ ഓഫ് ദി എക്സ്ച്ചെക്കർ ആയി നിയമിച്ചു. കാതറിനെ ഉപേക്ഷിച്ച് തോഴി ആനി ബോളിനെ വിവാഹം കഴിക്കുവാനും ഇംഗ്ലണ്ടിലെ കത്തോലിക്കാ സഭയുടെ പരമാധികാരിയായി തന്നെ പ്രഖ്യാപിക്കാനുമുള്ള ഹെൻട്രിയുടെ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് 1532 ൽ രാജിവച്ച തോമസ് മൂർ രാജകോപത്തിന് പാത്രമായി തീർന്നു. തോമസ് മൂറിനെ കള്ളക്കേസിൽ കുടുക്കുവാൻ ശ്രമിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ് "എൻറെ പ്രഭുക്കന്മാരെ ഈ ഭീഷണികൾ ശിശുക്കൾക്ക് ന്യായങ്ങൾ ആയിരിക്കും എന്നാൽ എനിക്ക് ന്യായങ്ങൾ അല്ല" ഇതിൽ നിന്നും അദ്ദേഹത്തിന്റെ തീക്ഷ്ണമായ ക്രൈസ്തവ വിശ്വാസവും ധൈര്യവുമാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

എന്തെല്ലാം ആപത്തുകൾ ഉണ്ടായാലും തന്റെ മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുവാൻ അദ്ദേഹം സന്നദ്ധനല്ലായിരുന്നു. ഭാര്യയും പ്രിയ മക്കളും സുഹൃത്തുക്കളും ഉപദേശിച്ചിട്ടും എതിർത്തിട്ടും അദ്ദേഹം തന്റെ പരമ ഗുരുവായ ക്രിസ്തുവിനെ ഉപേക്ഷിക്കുവാൻ തയ്യാറായിരുന്നില്ല. ദൈവം നിശ്ചയിക്കുന്നതല്ലാതെ ഒന്നും വരികയില്ലെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു.

1535 ജൂലൈ മാസം ഒന്നാം തീയതി തോമസ് മൂറിന്റെ മേൽ അപരാധം ആരോപിച്ചുള്ള വിസ്താരം തുടങ്ങി. അദ്ദേഹത്തിന്റെ മേൽ രണ്ടു കുറ്റങ്ങളാണ് ആരോപിക്കപ്പെട്ടത്. ക്രോവേൽ നടത്തിയ പൂർവ്വ വിചാരണയിൽ ഹെൻട്രിയെ സഭയുടെ തലവനായി സ്വീകരിക്കുന്നുവോ എന്ന ചോദ്യത്തിന് അങ്ങനെയുള്ള കാര്യങ്ങളിൽ ഞാൻ ഇടപെടുകയില്ല എന്ന് പറഞ്ഞത് രാജ്യദ്രോഹം ആണെന്നായിരുന്നു ഒന്നാമത്തെ ആരോപണം. അങ്ങനെ 1535 ജൂലൈ മാസം ഒന്നാം തീയതി തോമസ് മൂറിനെ തൂക്കിക്കൊന്ന് കുടലൂരി നാലായി കീറട്ടെ എന്ന വിധി പ്രഖ്യാപിച്ചു. വിധിയുടെ അടിസ്ഥാനത്തിൽ ജൂലൈ ആറാം തീയതി മകളുടെയും അനേകം ജനങ്ങളുടെയും സാന്നിധ്യത്തിൽ പ്രസന്നവദനനായി മരണത്തിന് കീഴടങ്ങി. അദ്ദേഹത്തിൻറെ മരണം ഗളഛേദനം വഴിയായിരുന്നു. യേശു കുരിശിൽ കിടന്ന് പ്രാർത്ഥിച്ചത് പോലെ കൊലത്തട്ടിൽ നിന്നുകൊണ്ട് അദ്ദേഹം ഹെൻട്രി എട്ടാമന് വേണ്ടി പ്രാർത്ഥിക്കുകയും പ്രാർത്ഥിക്കുവാൻ ജനങ്ങളോട് ആവശ്യപ്പെടുകയും ചെയ്തു.

ഗളച്ഛേദം ചെയ്ത് വധിക്കപ്പെടുന്നവരുടെ ശിരസ്സുകൾ കുന്തത്തിൽ കുത്തി സകലർക്കും മാതൃകാപരമായിരിക്കുന്നതിനായി ലണ്ടൻ പാലത്തിൽ നാട്ടി നിർത്തുക ആ കാലത്ത് പതിവായിരുന്നു. മൂറിനെ വധിക്കുന്ന സമയം ക്രിസ്തുവിന് വേണ്ടി തന്നെ മരിച്ച ജോൺ ഫിഷറിന്റെ തല ഈ പതിവിൻ പ്രകാരം ലണ്ടൻ പാലത്തിൽ ശൂലാരോപിതമായി നിൽക്കുകയായിരുന്നു. ദണ്ഡാധികാരികൾ ആ തല ആറ്റിലേക്ക് എറിഞ്ഞിട്ട് ആ ശൂലത്തിൽ തന്നെയാണ് തലയും കുത്തി നിർത്തിയത്. തല ആറ്റിലേക്ക് എറിഞ്ഞു കളയേണ്ട തീയതി അടുത്തപ്പോൾ തല സൂക്ഷിപ്പുകാരന് കൈക്കൂലി കൊടുത്ത് മകൾ മാർഗരറ്റ് അത് രഹസ്യമായി അവനോട് വാങ്ങിച്ചു.

കാന്റർബറിയിൽ ഒരു ദേവാലയത്തിൽ സ്ഥിതി ചെയ്യുന്നതും റോപ്പർ കുടുംബ വകയുമായിരുന്നതുമായ ഒരു ശവകുടീരത്തിൽ ഒരു പെട്ടിയിൽ വച്ച് സൂക്ഷിച്ചിരിക്കുന്ന തല തോമസ് മൂറിന്റേതാണെന്നാണ് വിശ്വസിക്കപ്പെടുന്നത്.

"Why do you suppose they made you king in the first place?' I ask him. 'Not for your benefit, but for theirs. They meant you to devote your energies to making their lives more comfortable, and protecting them from injustice. So your job is to see that they're all right, not that you are – just as a shepherd's job, strictly speaking, is to feed his sheep, not himself."

— St.Thomas More, Utopia

അദ്ദേഹത്തിൻറെ ശരീരം കുഴിച്ചിടപ്പെട്ടത് ടൗവറിലുള്ള ശൃംഗലാബന്ധനായ വി.പത്രോസിന്റെ ദേവാലയത്തിൽ ആയിരുന്നു. കുറേക്കാലം കഴിഞ്ഞ ശേഷം ശരീര അവശിഷ്ടങ്ങൾ ഇവിടെ നിന്നും ചെൽസിയിലെ ഇടവക പള്ളിയിലേക്ക് മാറ്റപ്പെട്ടു എന്ന് ഐതിഹ്യമുണ്ട്. ക്രിസ്തുവിന് വേണ്ടി ധീര രക്തസാക്ഷിത്വം വരിച്ച ഈ മഹാത്മാവിനെ പിൽക്കാലത്ത് കത്തോലിക്കാ സഭ വിശുദ്ധനായി പ്രഖ്യാപിച്ചു.

1935-ൽ വിശുദ്ധ തോമസ് മൂറിനെ പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചു. എ.ഡി. 2000-ത്തിൽ ജോൺ പോൾ രണ്ടാമൻ പാപ്പാ വിശുദ്ധ തോമസ് മൂറിനെ രാഷ്ട്രീയ നേതാക്കളുടെ മാധ്യസ്ഥനായി നിർദ്ദേശിച്ചു. ഭൗതികമായതെല്ലാം നശ്വരമാണെന്നും ദൈവം മാത്രമേ അനശ്വരനായുള്ളൂ എന്നും അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിലും ജീവിതരീതിയിലും വ്യക്തമാക്കിയിരുന്നു.

ഇന്ദ്രിയ നിഗ്രഹം ശീലിക്കുന്നതിനായി കർക്കശമായ ഒരു രോമ വസ്ത്രം സാധാരണ വസ്ത്രങ്ങളുടെ ഉള്ളിൽ നിത്യം ധരിക്കുകയും തലയിണയ്ക്ക് പകരം തടിക്കഷണം ഉപയോഗിക്കുകയും ചെയ്തിരുന്ന സർ തോമസ് മൂറാണ് ഇന്ന് കെ.സി.വൈ.എം.- ന്റെ സ്വർഗീയ മദ്ധ്യസ്ഥനായി അറിയപ്പെടുന്നത്. സാധാരണ ചരിത്രത്തിൽ സർ തോമസ് മൂർ പ്രസിദ്ധനായിരിക്കുന്നത് പണ്ഡിതൻ, ഗ്രന്ഥകാരൻ, രാജതന്ത്രജ്ഞൻ എന്നിങ്ങനെയുള്ള ഭൗമികകാര്യങ്ങളിലാണെങ്കിലും അദ്ദേഹത്തിന്റെ യഥാർത്ഥ മാഹാത്മ്യം പ്രകടമാകുന്നത് ദൃഢമായ ഈശ്വര വിശ്വാസത്തിലും അതനുസരിച്ചുള്ള ജീവിതത്തിലുമാണ്..

ക്രിസ്തുവിന് വേണ്ടി ക്രിസ്തീയ മൂല്യങ്ങൾക്ക് വേണ്ടി ജീവിച്ചു മരിച്ച ഈ പുണ്യാത്മാവിനോട് കെ.സി.വൈ.എം യുവദീപ്തി അംഗങ്ങളായ നമുക്കോരോരുത്തർക്കും പ്രാർത്ഥിക്കാം.

**കെ.സി.വൈ.എം യുവജനപ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വിശുദ്ധ തോമസ് മൂറേ... യുവജനങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ....**

# പ്രവർത്തന വീഥിയിലെ ഇന്നലെകൾ

- **1991**- യുവദീപ്തി എന്ന പേരിൽ യുവജന പ്രസ്ഥാനത്തിന്റെ ഉദയം.
- **1994** - കലാലയ രാഷ്ട്രീയത്തിനെതിരെ ഉപവാസം, മദ്യത്തിനെതിരെ സർവ്വേ, മേഖല കൺവെൻഷനുകൾ.
- **1996** - "മെറ്റനോയിയ" ആദ്യ രൂപത കൺവെൻഷൻ, ഗർഭഛിദ്രത്തിനെതിരെ പ്രതിഷേധ റാലി, ഇടുക്കി ജില്ലയോടുള്ള അവഗണനക്കെതിരെ ധർണ്ണ.
- **1997** - സി.ഡി.ഐ പരിശീലന പരിപാടി, കോതമംഗലം പഴമ്പള്ളിച്ചാൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, യേശുവിന്റെ സ്വന്തമാകുവാൻ ഓഡിയോ സി.ഡി പ്രകാശനം.
- **1998** - കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവിനെതിരെ ഇടുക്കി കളക്ട്രേറ്റ് ധർണ്ണ, മദ്യത്തിനെതിരെ ഒറ്റയാൾ ഉപവാസ ധർണ്ണ, മദ്യ സംസ്കാരത്തിനെതിരെ മരണ സമരം, ഷാപ്പിൽ ലേലത്തിനെതിരെ ഇടുക്കി കളക്ടറേറ്റ് ഉപരോധം അറസ്റ്റ് വരിക്കൽ - ജയിൽ വാസം, "എക്സോഡസ്" രണ്ടാമത് രൂപത കൺവെൻഷൻ. ഗദ്സമെൻ നൈറ്റ്, കെ.സി.ബി.സി യുടെ പ്രഥമ യൂത്ത് അവാർഡിന് റ്റീന കൊല്ലംപറമ്പിൽ അർഹയായി, മൂലമ്പിള്ളി വർക്ക് ക്യാമ്പ്.
- **1999**- സൃഷ്ടി 99 നേതൃത്വ പരിശീലന പരിപാടി, മതാന്തര സംവാദം, കാർഗിൽ ഐക്യദാർഢ്യറാലി, ബിനോയി മഠത്തിൽ കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറിയായി, വർക്ക് ക്യാമ്പ് - സ്നേഹോത്സവ്, വിശ്വസാഹോദര്യ ദീപശിഖ പ്രയാണം.
- **2000** - "എക്ലെസിയാ " മൂന്നാമത് യുവജന കൺവെൻഷൻ, സഹനസഭയുടെ സ്പന്ദനങ്ങൾ പ്രാർത്ഥന, പ്രതികരണ റാലി- മുരിക്കാശ്ശേരി, കെ.സി.ബി.സി യൂത്ത് അവാർഡിന് സണ്ണി കടുത്താഴെ അർഹനായി.
- **2001** - കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റായി സണ്ണി കടുത്താഴെ തിരഞ്ഞെടുക്കപ്പെട്ടു, കേരള നവോത്ഥാന മഹായാനം സംസ്ഥാന സമ്മേളനം - തൊടുപുഴ, ഇടവക ദർശൻ, യുവജന ക്യാമ്പ്.
- **2002** - സമന്വം നാലാമത് യുവജന കൺവെൻഷൻ, പാൻ മസാലയ്ക്കെതിരായുള്ള പോസ്റ്റർ, കെ.സി.ബി.സി യൂത്ത് അവാർഡിന് സ്മിത പുളിക്കൽ അർഹയായി.
- **2003** - കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറിയായി ജെയ്സ് വാട്ടാപ്പിള്ളിലും സംസ്ഥാന ആനിമേറ്റർ ആയി സി.സേവന എം.എസ്.ജെ യും തിരഞ്ഞെടുക്കപ്പെട്ടു.
- **2004** - ഫൊറോന കൺവെൻഷനുകൾ, പരിസ്ഥിതി ദിനാചരണം, ഇടവക ദർശൻ, സംസ്ഥാനതല സ്വാതന്ത്ര്യദിനാഘോഷം കോതമംഗലത്ത് വച്ച് നടന്നു, സ്വാതന്ത്ര്യസമരസേനാനികളെ ആദരിച്ചു, നവോത്ഥാന സന്ദേശയാത്ര,തെരുവു നാടകം.
- 2005- വർക്ക് ക്യാമ്പ് - പൂയംകുട്ടി, പരിസ്ഥിതി പഠന ക്യാമ്പ് കൂട്- തട്ടേക്കാട്, ഹെസദ്- അഞ്ചാമത് യുവജന കൺവെൻഷൻ, വനിതാ ക്യാമ്പ്- മൂവാറ്റുപുഴ, രൂപത യുവജന ദിനാഘോഷം, കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, നേതൃത്വ പരിശീലന പരിപാടികൾ.

- 2006 - ദളിത് ക്രൈസ്തവ സംവരണ ധർണ്ണ - തൊടുപുഴ, ഫൊറോന ക്യാമ്പുകൾ, സംസ്ഥാന വനിതാ ക്യാമ്പ്- മൂവാറ്റുപുഴ, വർക്ക് ക്യാമ്പ് - കല്ലേലിമേട്, അഖില കേരള ജൂബിലി ഡിബേറ്റ് മത്സരം - തൊടുപുഴ, സുവർണ്ണ ജൂബിലി സന്ദേശയാത്ര, തെരുവുനാടകം.

- 2007 - മേഖല യുവജന ധ്യാനങ്ങൾ, സെമിനാറുകൾ, പ്രകൃതി പഠന ക്യാമ്പ്- തട്ടേക്കാട്, വർക്ക് ക്യാമ്പ്- മാമലക്കണ്ടം സംസ്ഥാന വൈസ് പ്രസിഡന്റായി റാണി ഇരിഞ്ഞോളിൽ തെരഞ്ഞെടുക്കപ്പെട്ടു. കെ.സി.ബി.സി യൂത്ത് അവാർഡിന് റാണി ഇരിഞ്ഞോളിൽ അർഹയായി, രൂപത യുവജന സംഗമം.

- 2008 - മൂലമ്പിള്ളി കുടിയൊഴുപ്പിക്കൽ പ്രതിഷേധ മാർച്ച് - തൊടുപുഴ, സംസ്ഥാന വനിതാ കൺവെൻഷൻ- മൂവാറ്റുപുഴ, വിവാദ പാഠപുസ്തകത്തിനെതിരെ വിദ്യാഭ്യാസ സംരക്ഷണയാത്ര തെരുവുനാടകം,ഒലിവ്- ആറാമത് യുവജന കൺവെൻഷൻ, പുതുക്കിയ നിയമാവലി പ്രാബല്യത്തിൽ വന്നു.

- 2009 - നിയമപരിഷ്കരണ കമ്മീഷന്റെ വിവാദ പരാമർശങ്ങൾക്കെതിരെ ബൈക്ക് റാലി, കരിയർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, മലയാറ്റൂർ തീർത്ഥാടനം, യൂത്ത് അസംബ്ലി മൂവാറ്റുപുഴ, ഉണർവ്വ്- രൂപത യുവജന കൺവെൻഷൻ- യുവജന റാലി- മൂവാറ്റുപുഴ, മുല്ലപ്പെരിയാർ ഉപവാസ സമരം - ചപ്പാത്ത്.

- 2010 - കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റായി ദീപക് ചേർക്കോട്ട് തിരഞ്ഞെടുക്കപ്പെട്ടു.കെ.സി.വൈ.എം സംസ്ഥാന സമ്മേളനം, യുവജന റാലി- തൊടുപുഴ, ജീവൻ മഹോത്സവം- സ്ട്രീറ്റ് പ്രോഗ്രാം, മലയാറ്റൂർ കാൽനട തീർത്ഥാടനം, എന്റെ നാടിന് എന്റെ മരം പദ്ധതി, ഫ്രണ്ട്സ് ഓഫ് യുവദീപ്തി സൗഹൃദ കൂട്ടായ്മ, മദ്യനയത്തിനെതിരെ മാർച്ചും ധർണയും- മൂവാറ്റുപുഴ

- 2011- സാമൂഹിക തിന്മകൾക്കെതിരെ സ്കൂളുകളിൽ ബോധവൽക്കരണം, സതീർത്ഥ്യർ, സിനിമ പ്രദർശനം, യൂണിറ്റ് അഫിലിയേഷൻ, മുല്ലപ്പെരിയാർ പ്രതിഷേധ റാലി, ഗ്ലോറിയ - ഏഴാമത് യുവജന കൺവെൻഷൻ, പരിസ്ഥിതി ദിനാചരണം,

- 2012 - കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറിയായി അബിന മേരി സാജു തെരഞ്ഞെടുക്കപ്പെട്ടു. യൂണിറ്റ് അഫിലിയേഷൻ, വിശ്വാസ യുവജന സംഗമം - ബ്രെറ്റ് 2012, കെ.സി.വൈ.എം സംസ്ഥാന കലോത്സവം - ഉത്സവിൽ രണ്ടാം സ്ഥാനം ലഭിച്ചു. സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടറായി സി. ജിസ്മിത എസ്.ഡി തിരഞ്ഞെടുക്കപ്പെട്ടു. ബോബി എം. പാലയ്ക്കൽ മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ്, സ്നേഹിത- വനിത കൺവെൻഷൻ, RYLT ട്രെയിനിങ് പ്രോഗ്രാം.

- 2013 - സ്നേഹിത വനിത കൺവെൻഷൻ, സംസ്ഥാന അർദ്ധ വാർഷിക സെനറ്റിന് ആതിഥേയത്വം വഹിച്ചു, വിശ്വാസ വർഷ സമാപനത്തോടനുബന്ധിച്ച് "ബ്ലെയ്സ്" യുവജന വിശ്വാസ സംഗമം, എന്റെ നാടിന് എന്റെ മരം പദ്ധതി, കെ.സി. വൈ.എം മുൻകാല രൂപത ഭാരവാഹി കുടുംബ സംഗമം കൺവെൻഷൻ ഫിദസ് 2013 ബോബി എം പാലക്കൽ യുവജന അവാർഡ്,ഷട്ടിൽ ടൂർണമെന്റ്, സ്പാർക്ക്- ഫൊറോനാ ഭാരവാഹി സംഗമം.

- 2014 - യൂലിറ്റ് - എട്ടാമത് യുവജന കൺവെൻഷൻ, ഷോർട്ട് ഫിലിം മത്സരം, പാവപ്പെട്ട കുട്ടികൾക്ക് കുട വിതരണം, രൂപത സമിതിയുടെ ഭവന നിർമ്മാണം, ബോബി എം. പാലക്കൽ ഷട്ടിൽ ടൂർണമെന്റ്, സ്നേഹിത - 2014, ആത്മ -കർമ്മ പദ്ധതി പ്രകാശനം, കാരുണ്യതീരത്ത്, ശ്രീ. ആന്റോ ആന്റണി സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു.

- 2015 - പുറപ്പാട് - പ്രവർത്തന ഉദ്ഘാടനം, സ്നേഹിത, മലേക്കുരിശ് തീർത്ഥാടനം, ജീവിത ദർശൻ ധ്യാനം, തിരുസന്നിധിയിൽ, ബോബി എം. പാലക്കൽ അനുസ്മരണം, പ്രതിഷേധ സമരം, മിനി യൂലിറ്റ്, കാരുണ്യ തീരത്ത്, സമർപ്പിത ദിനം, സഹചാരി,ഷട്ടിൽ ടൂർണമെന്റ്, ഭവന നിർമ്മാണം, കുമാരി. ദിവ്യ ഫ്രാൻസിസ് സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. രൂപത എപ്പാർക്കിയൽ അസംബ്ലിയിൽ യുവജനങ്ങൾ പങ്കെടുത്തു.

- 2016 - രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം ലീഡ് - 2016, രൂപത തല ബ്ലഡ് ഡൊണേഷൻ സെൽ WE 4 SAVE ഉദ്ഘാടനം ചെയ്യപ്പെട്ടു, യോബൽ 2016 - ജൂബിലി പ്രാർത്ഥന കൂട്ടായ്മകൾ യൂണിറ്റുകളിൽ, യുവദീപ്തി കെ.സി.വൈ.എം - സിൽവർ ജൂബിലി ആഘോഷങ്ങൾ, ജൂബിലി സന്ദേശ വിളംബര ബൈക്ക് റാലി - തൊടുപുഴ, ക്വിസ് മത്സരം, ഡിബേറ്റ് മത്സരം വനിതകൾക്ക്, ബോബി എം. പാലക്കൽ മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ്, യുവജ്വാല ഫൊറോന - യൂണിറ്റ് ഭാരവാഹികളുടെ സംഗമം, അമ്മയ്ക്കരികിൽ - ജപമാല മാസം സമാപനം, പ്രചോദനി 2016 - സംസ്ഥാന വനിതാ ക്യാമ്പിന് ആതിഥേയത്വം വഹിച്ചു. സംസ്ഥാന കലോത്സവം - ഉത്സവ് 2016 ആതിഥേയത്വം വഹിച്ചു, ചരിത്രത്തിൽ ആദ്യമായി സംസ്ഥാന കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടി.

- 2017 - പ്രവർത്തനവർഷ ഉദ്ഘാടനം "ദർശൻ" 2017, രൂപത യുവജന ധ്യാനം, ഫൊറോന യൂണിറ്റ് ഭാരവാഹികളുടെ സംഗമം Inspire 2017, ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം, ബോബി എം പാലക്കൽ മെമ്മോറിയൽ ഷട്ടിൽ ടൂർണ്ണമെന്റ്,"Awake 2017"ഒമ്പതാമത് യുവജന കൺവെൻഷൻ, അമ്മയ്ക്കരികിൽ ജപമാല മാസം സമാപനം, സംസ്ഥാന അർദ്ധവാർഷിക കൗൺസിലിന് ആതിഥേയത്വം വഹിച്ചു.

- 2018 - പ്രവർത്തനവർഷ - യുവജന വർഷം ഉദ്ഘാടനം, നിറവ് 2018 - യുവജന ധ്യാനം, നിറവ് ദീപശിഖ പ്രയാണം, ടോം സി ചാക്കാലക്കുന്നിൽ സംസ്ഥാന ട്രഷററായി തിരഞ്ഞെടുക്കപ്പെട്ടു, പരിസ്ഥിതി ദിനാചരണം, ഫീനിക്സ് -ഫൊറോന യൂണിറ്റ് ഭാരവാഹികളുടെ സംഗമം,Ignite - സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിന് ആതിഥേയത്വം, സംസ്ഥാന യുവജന ദിനാചരണത്തിന് ആതിഥേയത്വം, പ്രളയത്തിൽ കൈത്താങ്ങായി കേരളത്തോടൊപ്പം, മൂവാറ്റുപുഴ ഗവ. ഹോമിയോ ശുചീകരണം, അമ്മയ്ക്കരികിൽ ജപമാലമാസ സമാപനം, യൂത്ത് അസംബ്ലി, യൂത്ത് അഭിപ്രായ സർവ്വേ, യൂട്യൂബ് ചാനൽ ലോഞ്ചിംഗ്, ഫലസമൃദ്ധി.

- 2019 - പ്രവർത്തനവർഷ ഉദ്ഘാടനം, അമ്മ മനസ്സ് ആനിമേറ്റേഴ്സ് മീറ്റ്, DJ - യുവജന ധ്യാനം, ജിബിൻ മെമ്മോറിയൽ ക്വിസ്, ഉറവ പരിസ്ഥിതി ദിനാഘോഷം, അടുക്കള പച്ച, ബോബി എം പാലക്കൽ ഷട്ടിൽ ടൂർണ്ണമെന്റ്,M2J യൂണിറ്റ് അഫിലിയേഷൻ, ശോഭിത - വനിത ദിന സംഗമം, തൂലിക രചന മത്സരങ്ങൾ, അമ്മയ്ക്കരികിൽ ജപമാല മാസ സമാപനം, ലഹരി വിരുദ്ധമാസാചരണം.

- 2020 - 21 പ്രവർത്തനവർഷ ഉദ്ഘാടനം, യുവജന ദിന ആഘോഷം, ജിബിൻ മെമ്മോറിയൽ ക്വിസ്, ജന്മം തെരുവുനാടകം, കർഷക ദ്രോഹ നടപടിക്കെതിരെ ഏകദിന ഉപവാസ സമരം,Rosario - ജപമാല മാസാചരണം, VISITA - സംസ്ഥാന സമിതി സന്ദർശനം, അർപ്പണം - മധ്യസ്ഥ പ്രാർത്ഥന സഹായം, Stella de nathale - ക്രിസ്മസിനോടനുബന്ധിച്ച് ചെറു വീഡിയോകൾ നിർമ്മിക്കൽ, ഹരിതം - ജൈവകൃഷി പദ്ധതി, കോവിഡ് സന്നദ്ധ സേന - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപനം, സമരിറ്റൻസ് - കോവിഡ് മൂലം മരണമടഞ്ഞവരുടെ സംസ്കാര ശുശ്രൂഷ സഹായം, ആകാശ പറവകൾക്ക് ഒരു കൈത്താങ്ങ്, ഈസ്റ്റർ എഗ്ഗ് ചലഞ്ച്, ഉത്സവ് - സംസ്ഥാന കലോത്സവം,CCRT - Covid Control Room Team, Revive - ഓൺലൈൻ ക്യാമ്പ്,Ews - വെബ്ബിനാർ, Wow - വനിതാദിന സംഗമം, അനാഥാലയ സന്ദർശനം, തോമസ് മൂർ ദിനാചരണം, ജിബിൻ മെമ്മോറിയൽ ക്വിസ്, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, പ്രളയ സഹായങ്ങൾ, ടിവി ചലഞ്ച്, ഓൺലൈൻ പഠനസഹായം വാക്സിൻ ഹെൽപ്പ് ഡെസ്ക്.

- 2022-23 FIESTA - യുവജന ക്യാമ്പ്, ഇടവകയ്ക്ക് ഒരു തണൽ ഫോട്ടോഗ്രാഫി മത്സരം-പരിസ്ഥിതി ദിനാചരണം, ഒക്കിറോ- പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മ പദ്ധതി പ്രകാശനവും, പള്ളിമുറ്റം- ഇടവക തല സായാഹ്ന കൂട്ടായ്മ 29 ഇടവകകളിൽ നടത്തപ്പെട്ടു, Enlighten - കരിയർ ഓറിയന്റേഷൻ പ്രോഗ്രാം, തൂലിക- രൂപതാ തല രചന മത്സരം, തീരദേശ ഐക്യദാർഢ്യം ഒപ്പ് ശേഖരണം, അരങ്ങ്- രൂപത കലോത്സവം, വിഴിഞ്ഞം ഐക്യദാർഢ്യം തിരുവനന്തപുരത്തേക്ക്, ജപമാല മാസ സമാപനം, ഷോർട്ട് ഫിലിം കോമ്പറ്റീഷൻ വിത്ത് സിഎംസി, സംസ്ഥാന ലഹരി വിരുദ്ധ സന്ദേശയാത്ര- മൂവാറ്റുപുഴ, ജിബിൻ മെമ്മോറിയൽ ക്വിസ്, ലീഡ് എ ഷിപ്പ്- യൂണിറ്റ് ലീഡേഴ്സ് ക്യാമ്പ്, CHAT WITH YOU- ഫൊറോന വിസിറ്റ്, SHE- വനിതാദിനം ഹാൻഡ് ക്രാഫ്റ്റ് മത്സരം, നിൻ വഴിയെ- കുരിശിന്റെ വഴി, തിരുസന്നിധിയിൽ, അടുക്കള പച്ച, COUNT- മെമ്പർഷിപ്പ് ക്യാമ്പയിൻ, ലീഡ് യൂണിറ്റ് & ഫൊറോന പ്രസിഡൻസ് മീറ്റ്, ബോബി എം പാലക്കൽ ഷട്ടിൽ ടൂർണമെന്റ് പുരുഷ വനിതാ വിഭാഗങ്ങളിൽ നടത്തപ്പെട്ടു, കുമാരി അനു ഫ്രാൻസിസ് കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു, എസ്.എം.വൈ.എം സംസ്ഥാന സെക്രട്ടറിയായി ശ്രീ ജിബിൻ ജോർജ് താന്നിക്കാമറ്റത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

- 2023-24 എനോദിത- കർമ്മ പദ്ധതി പ്രകാശനം, EPIC- പ്രവർത്തനവർഷ ഉദ്ഘാടനം, യുവോത്സവ്- പ്രഥമ രൂപതാ തല ഫുട്ബോൾ ടൂർണ്ണമെന്റ് (Boys) & പെനാൽറ്റി ഷൂട്ടൗട്ട് (Girls ), പ്രഥമ രൂപതാതല ക്രിക്കറ്റ് ടൂർണമെന്റ്, ദിശ കരിയർ ആൻഡ് ജോബ് സെൽ, സ്പർശം- കൗൺസിലിംഗ് സെൽ, We@33 യുവജന വർഷാരംഭവും മുൻഭാരവാഹി സംഗമവും, സെന്റ് തോമസ് മൂർ ദിനാചരണം, YOU- യുവജന ദിനാചരണം, കെ.സി.വൈ.എം സ്ഥാപക ദിനാചരണം, ഹെസദ് യുവജന ധ്യാനം, LEAD- ഫൊറോന ലീഡേഴ്സ് മീറ്റ്, സ്നേഹപാത ജപമാല മാസാചരണം, യൂണിറ്റ് സമർപ്പണം - ജപമാല പ്രദിക്ഷണം, അർദ്ധവാർഷിക കൗൺസിൽ, പ്രതിഷേധ ജാഥ- മണിപ്പൂർ ജനതയ്ക്കായി,We For Save- രക്തദാന കൂട്ടായ്മ, COUNT- Membership Campaign,മരിയൻ പദയാത്ര, പള്ളിമുറ്റം, അർപ്പണം മധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ, തളിർ പരിസ്ഥിതി ദിനാചരണം, പ്രൊവിഡൻസ് ഹോം സന്ദർശനം, കേശദാനം സ്നേഹദാനം, മീഡിയ വർക്ക് ഷോപ്പ്, അരങ്ങ് രൂപത കലോത്സവം- തൂലിക രൂപതാതല രചന മത്സരം, ബോബി എം പാലയ്ക്കൽ ഷട്ടിൽ ടൂർണമെന്റ്, ജിബിൻ മെമ്മോറിയൽ ക്വിസ്.

- 2024-25 നെയോലയ - പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും, ഇഗേസിയ - ലീഡേഴ്സ് ക്യാമ്പ്, Follow Him- അംഗത്വസ്വീകരണം, സെന്റ്.തോമസ്മൂർ ദിനാചരണം, അർദ്ധവാർഷിക കൗൺസിൽ, നിയമാവലി പരിഷ്ക്കരണം,ജ്വലനം -മുഖപത്ര പ്രകാശനം,ഫൊറോനാ പ്രസിഡന്റ്സ് മീറ്റ്, യൂണിറ്റ് പ്രസിഡന്റ്സ് മീറ്റ്,ഫൊറോനാ ഡയറക്ടേഴ്സ് മീറ്റ്, ആനിമേറ്റേഴ്സ് മീറ്റ്, ഹെസദ് - യുവജന ധ്യാനം, രണ്ടാമത് മരിയൻ പദയാത്ര,YES LORD - ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ധ്യാനം,ജപമാല മാസ സമാപനം,കനകമല തീർത്ഥാടനം, പള്ളിമുറ്റം - യൂണിറ്റ്തല സായാഹ്നക്കൂട്ടായ്മ, അർപ്പണം - മധ്യസ്ഥ പ്രാർത്ഥന, ഏദൻ - പരിസ്ഥിതി ദിനാചരണം, Kick for life - രക്ത ദാന ക്യാമ്പ്,വയനാടിനായി 50/- ചലഞ്ച്,പ്രൊവിഡൻസ് ഹോം സന്ദർശനം, പ്രതിഷേധങ്ങൾ, We 4 Save -രക്തദാന കൂട്ടായ്മ, സ്പർശം - കൗൺസിലിങ് സെൽ, ദിശ - ജോബ് & കരിയർ സെൽ, പ്രഥമ ജോബ് ഫെയർ , രണ്ടാമത് യുവോത്സവ് ഫുട്ബോൾ-ക്രിക്കറ്റ് ടൂർണമെന്റ്, തൂലിക- സാഹിത്യ രചന മത്സരം, അരങ്ങ്- രൂപത കലോത്സവം, 12-ാമത് ബോബി എം. പാലക്കൻ ബാഡ്മിന്റൺ ടൂർണമെന്റ്, ഷോർട്ട് ഫിലിം കോമ്പറ്റിഷൻ, ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം, മൂന്നാമത് എപ്പാർക്കിയൽ യൂത്ത് അസംബ്ലി, സംസ്ഥാന സമിതിയുടെ രണ്ടാമത് KYC - കേരള യൂത്ത് കോൺഫറൻസിന് ആതിഥേയത്വം.

# യുവദീപ്തി പ്രസ്ഥാനത്തെ ഇതുവരെ നയിച്ചവർ

## ഡയറക്ടറച്ചന്മാർ

- 1991 - 94 ഫാ.മാത്യു തോട്ടത്തിമാലിൽ
- 1994 - 98 ഫാ.സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ
- 1998 - 01 ഫാ.ജോർജ് കുഴിപ്പിള്ളിൽ
- 2001 - 03 ഫാ.ഔസേപ്പച്ചൻ നെടുംപുറം
- 2003 - 06 ഫാ.ജോർജ് കുരിശുംമൂട്ടിൽ
- 2006 - ഫാ.തോമസ് മൈലമണ്ണിൽ
- 2007 - 13 ഫാ.ജോസഫ് കൊച്ചുപറമ്പിൽ
- 2013 - 14 ഫാ.പോൾ കാരക്കൊമ്പിൽ
- 2015 - 18 ഫാ.സെബാസ്റ്റ്യൻ കണിമറ്റത്തിൽ
- 2018 - 21 ഫാ.സിറിയക് ഞാളൂർ
- 2021- ഫാ.സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ

## ആനിമേറ്റേഴ്സ്

- 1991 - 94 സി.ഐറിൻ സി.എം.സി
- 1994 - 98 സി.കരോളിൻ സി.എം.സി
- 1998 - 04 സി.സേവന എം.എസ്.ജെ
- 2004 - 09 സി.ഹെയ്സ്ലറ്റ് എസ്.ഡി
- 2009 - 12 സി.ജിസ്മിത എസ്.ഡി
- 2012 - 16 സി.കാരുണ്യ സി.എം.സി
- 2016 - 19 സി.അലീന എഫ്.സി.സി
- 2019 - 21 സി.റെനിറ്റ് എഫ്.സി.സി
- 2021 - 24 സി.സ്റ്റെല്ല എസ്.എ.ബി.എസ്
- 2024 - സി.റെറ്റി എഫ്.സി.സി

## അസി.ഡയറക്ടറച്ചന്മാർ

- 2010 - ഫാ.ജോർജ് ചെമ്പരത്തി
- 2011 - ഫാ.തോമസ് കൊട്ടാരത്തിൽ
- 2012 - ഫാ.തോമസ് ചേർക്കോട്ട്
- 2022 - 25 ഫാ.ജോർജ് പീച്ചാനികുന്നേൽ
- 2025 - ഫാ.ആന്റണി വിളയപ്പിള്ളിൽ

## പ്രസിഡന്റുമാർ

- 1992 - 93 സോജൻ വെളിഞ്ഞാലിൽ, വെള്ളയാംകുടി
- 1994 - 95 സോജൻ വെളിഞ്ഞാലിൽ, വെള്ളയാംകുടി
- 1996 - 97 ബിനോയ് മഠത്തിൽ, ചെമ്പകപ്പാറ
- 1998 - സണ്ണി കടുത്താഴെ, ചെമ്പകപ്പാറ
- 1999 - സണ്ണി കടുത്താഴെ, ചെമ്പകപ്പാറ
- 2000 - ജെയ്സ് വാട്ടപ്പിള്ളിൽ, പള്ളിക്കാമുറി
- 2001 - ജെയ്സ് വാട്ടപ്പിള്ളിൽ, പള്ളിക്കാമുറി
- 2002 - സൈബി വെങ്ങാലൂർ, പൊട്ടൻ കാട്
- 2003 - സൈബി വെങ്ങാലൂർ, പൊട്ടൻകാട്
- 2004 - ആൻസൺ കല്ലുങ്കൽത്താഴെ, തൊമ്മൻകുത്ത്
- 2005 - ഷൈജു ഇഞ്ചക്കൽ, കുറുപ്പുംപടി
- 2006 - ദീപക് ചേർക്കോട്ട്, മീങ്കുന്നം
- 2007 - ദീപക് ചേർക്കോട്ട്, മീങ്കുന്നം
- 2008 - സ്മിനു പുളിയ്ക്കൽ, നെടിയകാട്
- 2009 - സ്മിനു പുളിയ്ക്കൽ, നെടിയകാട്
- 2010 - റോയ്സൺ കുഴിഞ്ഞാലിൽ, ചെപ്പുകുളം
- 2011 - റോയ്സൺ കുഴിഞ്ഞാലിൽ, ചെപ്പുകുളം
- 2012 - ജെയ്സൺ അറയ്ക്കൽ, നേര്യമംഗലം
- 2013 - റിജോ ഇളയച്ചാനിക്കൽ, പന്നിമറ്റം
- 2013 - ആൽബിൻ കൊച്ചുവെമ്പിള്ളിൽ, ഉടുമ്പന്നൂർ
- 2014 - ആൽബിൻ കൊച്ചുവെമ്പിള്ളിൽ, ഉടുമ്പന്നൂർ
- 2015 - ഫെബിൻ ഫ്രാൻസീസ് കട്ടയ്ക്കൽ, വാഴക്കുളം
- 2016 - ടോം ചക്കാലക്കുന്നേൽ, വാഴക്കുളം
- 2017 - ടോം ചക്കാലക്കുന്നേൽ, വാഴക്കുളം
- 2018 - സിറിൾ ജോസഫ് അത്തിക്കൽ, നെയ്യശ്ശേരി
- 2019 - സിറിൾ ജോസഫ് അത്തിക്കൽ, നെയ്യശ്ശേരി
- 2020 - 21 ജിബിൻ ജോർജ്ജ് താന്നിക്കമറ്റത്തിൽ,നാകപ്പുഴ
- 2021 - 22 ജിബിൻ ജോർജ്ജ് താന്നിക്കമറ്റത്തിൽ,നാകപ്പുഴ
- 2022 - 23 പോൾ സേവ്യർ ആറ്റുപുറം, കുറുപ്പംപടി
- 2023 - 24 ജെറിൻ വർഗീസ് മംഗലത്തുകുന്നേൽ,ചിലവ്
- 2024 - 25 ജെറിൻ വർഗീസ് മംഗലത്തുകുന്നേൽ,ചിലവ്
- 2025 - സാവിയോ ജിജി തോട്ടുപുറം, മുടവൂർ

## ജനറൽ സെക്രട്ടറിമാർ

- 1992 - 93 ജോമി തെക്കേക്കര, കോതമംഗലം
- 1994 - 95 സിബി എക്സ്, കോതമംഗലം
- 1995 - സജിമോൻ ഇലവുങ്കൽ, മുരിക്കാശ്ശേരി
- 1996 - 97 സോമൻ തെറ്റയിൽ, നെടുങ്ങപ്ര
- 1998 - ഷിബു മാലിൽ, കുറുപ്പുംപടി
- 1999 - ബിജു നാടുകാണി, കോതമംഗലം
- 2000 - ബിജു പാലക്കാട്ട്, കിളിയാർകണ്ടം
- 2001 - ബിജു പാലക്കാട്ട്, കിളിയാർകണ്ടം
- 2002 - ആൻസൻ കല്ലുങ്കൽത്താഴെ, തൊമ്മൻകുത്ത്
- 2003 - മജു പേക്കൽ, വടാട്ടുപാറ
- 2004 - ഹൈബിൻ കൈലാത്ത്, കോതമംഗലം
- 2005 - സിനോജ് കാടിമറ്റത്തിൽ, നീണ്ടപാറ
- 2006 - ഹൈബിൻ കൈലാത്ത്, കോതമംഗലം
- 2007 - ജോബിഷ് ജെ. അറയ്ക്കൽ അരിക്കുഴ
- 2008 - ജോബിഷ് ജെ. അറയ്ക്കൽ അരിക്കുഴ
- 2009 - റോയ്സൺ കുഴിഞ്ഞാലിൽ, ചെപ്പുകുളം
- 2010 - ജെയ്സൺ അറയ്ക്കൽ, നേര്യമംഗലം
- 2011 - റിജോ ഇളയച്ചാനിക്കൽ, പന്നിമറ്റം
- 2012 - റിജോ ഇളയച്ചാനിക്കൽ, പന്നിമറ്റം
- 2013 - ആൽബിൻ കൊച്ചുവെമ്പിള്ളിൽ, ഉടുമ്പന്നൂർ
- 2013 - ആന്റോ ആന്റണി കുന്നേൽ, രാജഗിരി
- 2014 - സത്യരാജ് ആന്റണി, കാരക്കുന്നം
- 2015 - ടോം ചക്കാലക്കുന്നേൽ, വാഴക്കുളം
- 2016 - അഭി മാത്യൂസ് കാഞ്ഞിരപ്പാറയിൽ, ചിറ്റൂർ
- 2017 - സിറിൾ ജോസഫ് അത്തിക്കൽ, നെയ്യശ്ശേരി
- 2018 - ജിബിൻ ജോർജ് താന്നിക്കാമറ്റത്തിൽ,നാകപ്പുഴ
- 2019 - ടോമിൻ മാത്യു മാതേയ്ക്കൽ, മീങ്കുന്നം
- 2020 - 21 ജോർബിൻ ബേബി കുന്നേൽ, വാഴക്കുളം
- 2021 - 22 നോബിൾ ലാൽ വർഗീസ് ഓലിക്കൽ, പഴമ്പിള്ളിച്ചാൽ
- 2022 - 23 ജെറിൻ വർഗീസ് മംഗലത്തുകുന്നേൽ,ചിലവ്
- 2023 - 24 ഹെൽഗ കെ.ഷിബു. കാക്കനാട്ട്, അരിക്കുഴ
- 2024 - 25 ഹെൽഗ കെ.ഷിബു. കാക്കനാട്ട്, അരിക്കുഴ
- 2025 - അനു ബേബി. മേക്കുഴിക്കാട്ട്, തഴുവംകുന്ന്

## KCYM സംസ്ഥാന ഭാരവാഹികൾ

- 1999 - ബിനോയി മഠത്തിൽ (സംസ്ഥാന സെക്രട്ടറി)
- 2001 - സണ്ണി കടുത്താഴെ (സംസ്ഥാന പ്രസിഡന്റ് )
- 2003 - ജെയ്സ് വാട്ടപ്പിള്ളി (സംസ്ഥാന ജന. സെക്രട്ടറി)
- 2003 - സി. സേവന MSJ (സംസ്ഥാന ആനിമേറ്റർ)
- 2007 - റാണി ഇരിങ്ങോളിൽ (സംസ്ഥാന വൈ. പ്രസിഡന്റ്)
- 2010 - ദീപക് ചേർക്കോട്ട് (സംസ്ഥാന പ്രസിഡന്റ് )
- 2012 - അഭിനാമേരി സാജു (സംസ്ഥാന സെക്രട്ടറി)
- 2012 - സി.ജിസ്മിതാ SD (സംസ്ഥാന അസി. ഡയറക്ടർ)
- 2014 - ആന്റോ ആന്റണി (സംസ്ഥാന സെക്രട്ടറി)
- 2015 - ദിവ്യ ഫ്രാൻസിസ് (സംസ്ഥാന സെക്രട്ടറി)
- 2018 - ടോം ചക്കാലക്കുന്നേൽ (സംസ്ഥാന ട്രഷറർ)
- 2023 - 24 അനു ഫ്രാൻസിസ് (സംസ്ഥാന സെക്രട്ടറി)
- 2024 - 25 അനു ഫ്രാൻസിസ് (സംസ്ഥാന വൈ. പ്രസിഡന്റ് )

## SMYM സംസ്ഥാന ഭാരവാഹികൾ

- 2022 - 24 ജിബിൻ ജോർജ് താന്നിക്കാമറ്റത്തിൽ (സംസ്ഥാന സെക്രട്ടറി)

## കെ.സി.വൈ.എം പഠന വിഷയങ്ങൾ

- 1992 - യുവജനങ്ങൾ സാമൂഹ്യനീതിക്കുവേണ്ടി
- 1993 - യുവജനങ്ങളും മൂല്യ പ്രതിസന്ധിയും.
- 1994 - യുവജനങ്ങൾ കാർഷിക വികസനത്തിന്
- 1995 - യുവജനങ്ങൾ അഴിമതിക്കെതിരെ
- 1996 - യുവജനങ്ങൾ ദളിത് വിമോചനത്തിന്

- 1997 - സമഗ്രവിമോചനം ക്രിസ്തുവിലൂടെ
- 1998 - ആത്മപൂരിത യുവത്വം മാനവ വിമോചനത്തിന്
- 1999 - ആബാനുഭവ യുവത്വം വിശ്വസാഹോദര്യത്തിന്
- 2000 - ദിവ്യകാരുണ്യാനുഭവ യുവത്വം സാമൂഹ്യനീതിക്ക്
- 2001 - യുവജനം വിഭജിത ലോകത്തിൽ സമാധാനത്തിനും, വികസനത്തിനും
- 2002 - യുവജന ശാക്തീകരണം സമന്വയ സംസ്കൃതിക്ക്
- 2003 - ജ്വലിക്കുന്ന യുവത്വം ജയിക്കുന്ന ജനാധിപത്യം
- 2004 - പ്രവാചക യുവത്വം ധാർമ്മിക നേതൃത്വം
- 2005 - യുവജനം ദൈവരാജ്യത്തിനും, മാതൃരാജ്യത്തിനും
- 2006 - സുവിശേഷ യുവത്വം സുവർണ്ണ കേരളം
- 2007 - യുവജനം ദൈവസ്നേഹത്തിനും, പരസ്നേഹത്തിനും
- 2008 - വചനാധിഷ്ഠിത യുവത്വം സാമൂഹിക നവോത്ഥാനത്തിന്
- 2009 - യുവജനം വിശ്വാസ തീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന്
- 2010 - വിശ്വാസ യുവത്വം വികസിത രാഷ്ട്രം
- 2011 - ക്രൈസ്തവ യുവത്വം വിശ്വസാഹോദര്യത്തിന്
- 2012 - നവസുവിശേഷ വത്ക്കരണം, നവയുഗ സൃഷ്ടിക്ക്.
- 2013 - വിശ്വാസയുവത സമഗ്ര പുരോഗതിക്ക്
- 2014 - ക്രൈസ്തവ യുവതയും കുടുംബഭദ്രതയും
- 2015 - പ്രവാചക യുവത്വവും സമർപ്പിത ചൈതന്യവും
- 2016 - കരുണയുടെ യുവജന സാക്ഷികൾ
- 2017 - പ്രകൃതിയെ സ്നേഹിക്കാം, യുവത്വം നിലനിർത്താം
- 2018 - വിശ്വാസവും വിളി സംബന്ധമായ വിവേചിച്ചറിയലും
- 2019 - സ്നേഹത്തിൽ ഒന്നായി യുവത കരുണയ്ക്കും സാക്ഷ്യത്തിനും
- 2020 - യുവത്വം, പ്രേഷിതത്വം, രക്തസാക്ഷിത്വം
- 2021 - ക്രൈസ്തവ യുവത്വം കരുതലായി കുടുംബത്തിനും സമൂഹത്തിനും
- 2022 - ക്രൈസ്തവ യുവത്വം ഐക്യത്തിന്റെ പ്രേഷിതർ
- 2023 - തീഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി
- 2024 - കെ. സി. വൈ. എം ഭരണഘടന, തീവ്രവാദവും യുവത്വവും, തൊഴിൽ - പ്രവാസം - സംരംഭകത്വം.
- 2025 - ക്രിസ്തുവിപ്ലവം പ്രത്യാശയുടെ യുവത്വം

# യുവദീപ്തിയെ അടുത്തറിയാൻ

- **പേര്** : യുവദീപ്തി - കെ.സി.വൈ.എം.
- **മുദ്രാവാക്യം** : ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക
- **ലക്ഷ്യം** : ക്രൈസ്തവാദർശങ്ങളിലധിഷ്ഠിതമായി കത്തോലിക്ക യുവജനങ്ങളുടെ സമഗ്രവികസനവും സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും.
- **മാർഗ്ഗം** : പ്രാർത്ഥന, പഠനം, സേവനം, സുവിശേഷ പ്രഘോഷണം എന്നീ ചതുർവിധ മാർഗ്ഗങ്ങളായിരിക്കും ലക്ഷ്യസാധ്യത്തിനായി യുവദീപ്തി സ്വീകരിക്കുക.
- **ബാഡ്ജ്** : പതാകയുടെ ചെറിയ പതിപ്പ്
- **സ്വർഗ്ഗീയ മദ്ധ്യസ്ഥൻ** : വി. തോമസ് മൂർ
- **പതാക** : കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് അംഗീക രിച്ചിട്ടുള്ള സംസ്ഥാനപതാകയിൽ യുവദീപ്തി - കെ.സി.വൈ.എം കോതമംഗലം രൂപത എന്ന് ആലേഖനം ചെയ്ത പതാകയാണ് കോതമംഗലം രൂപത യുവദീപ്തി കെ.സി.വൈ.എം. ന്റെ ഔദ്യോഗിക പതാക. വീതി, നീളം 2:3 അനുപാതത്തിൽ. മുകളിൽ ചുവപ്പ്, മദ്ധ്യത്തിൽ വെള്ള, താഴെ മഞ്ഞ എന്നീ നിറങ്ങൾ. വെള്ളയിൽ ചുവപ്പ് നിറത്തിൽ മുദ്രണം ചെയ്ത യുവദീപ്തി കെ.സി.വൈ.എം. എംബ്ലത്തിനു താഴെ യുവദീപ്തി കോതമംഗലം രൂപത എന്ന് ആലേഖനം ചെയ്തിരിക്കുന്നു.

1. ചുവപ്പുനിറം : രക്തസാക്ഷിത്വത്തിന്റെ പ്രതീകം,
2. വെള്ളനിറം ജീവിത വിശുദ്ധിയുടെ അടയാളം,
3. മഞ്ഞനിറം ഈശ്വര വിശ്വാസം, സഹനം എന്നിവയുടെ പ്രതീകം.

- **എംബ്ലം** : പ്രപഞ്ചത്തിന്റെയും സാർവ്വത്രികതയുടേയും പ്രതീകമായ വൃത്താകൃതിയുടെ ഉള്ളിൽ യുവാവിന്റെയും യുവതിയുടേയും കയ്യിൽ ഏന്തിയിരിക്കുന്ന തുറന്ന ബൈബിളിൽ നിന്നു നിർഗ്ഗളിക്കുന്ന പ്രവാചകത്വത്തിന്റെ തീജ്വാല, കത്തോലിക്ക യുവതീ-യുവാക്കൾ കെ.സി.വൈ.എം. ലൂടെ വചനത്തിന്റെ സന്ദേശവും ജീവിതവും പ്രപഞ്ചത്തിൽ പ്രകാശിപ്പിച്ച്, തിന്മയെ കീഴടക്കി ഈ ലോകത്തിന് ജീവൻ നൽകും എന്നതിനെ സൂചിപ്പിക്കുന്നു. അതുവഴി ഞാൻ വന്നത് ലോകത്തിൽ ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ് (യോഹ. 10:10) എന്ന യേശുദൗത്യം യുവദീപ്തി-കെ.സി.വൈ.എം.ലൂടെ കത്തിജ്വലിക്കും എന്ന് യുവജനങ്ങൾ ഒന്നായി പ്രഖ്യാപിക്കുന്നു.

**പ്രായപരിധി** : 15 നും 30 നും ഇടയിൽ.

നിലവിൽ വന്ന വർഷം :1978 ഡിസംബർ 28-ാം തീയതി മാന്നാനം കെ. ഇ. കോളേജിൽ നടന്ന പ്രഥമ സെനറ്റ് യോഗത്തിൽ കെ. സി. വൈ. എം പ്രസ്ഥാനം ഔദ്യോഗികമായി രൂപംകൊണ്ടു.

**ഘടന**: സംസ്ഥാനതലത്തിൽ 32 രൂപതകളിൽ നിന്നും 8 പേർ വീതം ഉൾക്കൊള്ളുന്ന സെനറ്റ്, ഓരോ രൂപതയിൽ നിന്നും ഒരു യുവാവും യുവതിയും അടങ്ങുന്ന സിൻഡിക്കേറ്റ്, ഡയറക്ടർ, അസി. ഡയറക്ടർ, പ്രസിഡന്റ്, 2 വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, 4 സെക്രട്ടറിമാർ, ട്രഷറർ എന്നിവർ ഉൾപ്പെട്ടിരിക്കുന്ന സെക്രട്ടറിയേറ്റ് എന്നിവയും രൂപതാ തലത്തിൽ യൂണിറ്റ്, ഫൊറോന, രൂപത എന്നിവയും ഈ പ്രസ്ഥാനത്തിന്റെ ഭരണഘടകങ്ങളാണ്.

**MIJARC**

**ICYM**

**KCYM**

**സംസ്ഥാനം**

**32 രൂപതകൾ**

**ഫൊറോനകൾ**

**യൂണിറ്റ്(ഇടവക)**

**യുവതി യുവാക്കന്മാർ**

# കെ.സി.വൈ.എം. സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങൾ

- കേരളത്തിലെ കത്തോലിക്കാ ബിഷപ്സ് കൗൺസിൽ (കെ.സി.ബി.സി.) കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾക്കുവേണ്ടി സ്ഥാപിച്ചിരിക്കുന്ന ഔദ്യോഗിക യുവ ജനപ്രസ്ഥാനമാണ് കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം)

- കെ.സി.വൈ.എം. യൂത്ത് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളസഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. കാത്തലിക് ബിഷ്പസ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ.) അംഗീകരിച്ചിട്ടുള്ള അഖിലേന്ത്യ യുവജന പ്രസ്ഥാനമായ ഇന്ത്യൻ കാത്തലിക് മൂവ്മെന്റിന്റെ (ഐ.സി.വൈ.എം.) കേരള റീജിയൺ ഘടകമാണ്.

- വത്തിക്കാനിൽ അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ മൂവ്മെന്റ് ഓഫ് കാത്തലിക് അഗ്രികൾച്ചറൽ റൂറൽ യൂത്ത് എന്ന യുവജനസംഘടനയുടെ അംഗസംഘടനയാണ് കെ.സി.വൈ.എം. കേരളത്തിലെ 32 കത്തോലിക്കാ രൂപതകളിൽ പ്രവർത്തിക്കുന്ന ഔദ്യോഗിക യുവജനപ്രസ്ഥാനങ്ങളുടെ സംസ്ഥാനതല ഫെഡറേഷനാണ് കെ.സി.വൈ.എം.

- രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനം മാത്രമാണ് കെ.സി.വൈ.എം. ന്റെ ഒരേയൊരു രൂപതാഘടകം.

- കേരളത്തിലെ 32 രൂപതകളുടെയും 3 വ്യക്തിസഭകളുടെയും ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി റീത്തുകൾക്കതീതമായി പ്രവർത്തിക്കുന്ന സഭാത്മക യുവജനപ്രസ്ഥാനം. കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിലെ സർവ്വ മനുഷ്യരുടേയും സമഗ്ര പുരോഗതിക്കും സമ്പൂർണ്ണ വിമോചനത്തിനുമായി സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും സഹപ്രവർത്തനത്തിന്റെയും സമീപനം സ്വീകരിച്ചിരിക്കുന്ന സാമൂഹിക യുവജനപ്രസ്ഥാനം.

# യൂണിറ്റ് - ഫൊറോനകൾക്ക് ഒരു കൈവഴി

1. **സംഘടനാതലം**

- മാസത്തിൽ ഒരിക്കൽ എക്സിക്യൂട്ടീവ് മീറ്റിംഗും പൊതു യോഗവും നടത്തുക
- എല്ലാ അംഗങ്ങൾക്കും അംഗത്വകാർഡ് നൽകുക സംഘടന നിർദേശിക്കുന്ന റിക്കാർഡുകൾ ഇടവക, ഫൊറോന, ഓഫീസുകളിൽ സൂക്ഷിക്കുക.
- യൂത്ത് സർവ്വേ യൂണിറ്റുകളിൽ നടത്തുക
- ഫൊറോന, രൂപതാ സമിതികളുമായി നല്ല സഹകരണം
- +2 കഴിഞ്ഞ യുവജനങ്ങളെ പ്രസ്ഥാനത്തിലേക്ക് സ്വാഗതം ചെയ്തുകൊണ്ടുള്ള പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക
- അംഗങ്ങളുടെ ജന്മദിനം, നാമഹേതുക ദിനം, മുതലായവ ആഘോഷിക്കുക
- പഠനത്തിനോ, ജോലിക്കോ ആയി പുറത്തുപോകുന്നവർക്ക് ആശംസകൾ നേരുക
- ഇടവകയിൽ നിന്നും പുറത്തു പോയിട്ടുള്ള യുവജനങ്ങളുമായി സൗഹൃദശൃംഖല സ്ഥാപിക്കുക
- യൂത്ത് രജിസ്റ്റർ ഇടവകയിൽ സൂക്ഷിക്കുക

2. **ആദ്ധ്യാത്മിക തലം**

- വി. ബലിയിലുള്ള സജീവ ഭാഗഭാഗിത്വം, മാസത്തിലൊരിക്കൽ യൂത്ത് മാസ്സ് നടത്തുക
- കൂദാശകളുടെ ക്രമമായ സ്വീകരണം
- കുടുംബ പ്രാർത്ഥനയിലുള്ള സജീവ ഭാഗഭാഗിത്വം
- വർഷത്തിലൊരിക്കൽ ഉപവാസ പ്രാർത്ഥനാദിനം ഇടവക ദേവാലയത്തിൽ ആചരിക്കുക.
- ആണ്ടിലൊരിക്കൽ യുവജനധ്യാനം നടത്തുക, പുണ്യസ്ഥലങ്ങൾ സന്ദർശിക്കുക
- ബൈബിൾ സ്റ്റഡി ഫോറം രൂപീകരിക്കുക
- എല്ലാ ആഴ്ചകളിലും നിശ്ചിത സമയത്ത് അംഗങ്ങൾ ഒന്നിച്ചുകൂടി പ്രാർത്ഥനാ സമ്മേളനം നടത്തുക, ഇടവക തിരുനാൾ ഭക്തിസാന്ദ്രമാക്കുവാൻ സഹകരിക്കുക
- ഇടവകയെ സ്നേഹത്തിന്റെ കൂട്ടായ്മയാക്കുക
- സഭൈക്യവാരം ആഘോഷിക്കുക
- മരണ വീടുകൾ സന്ദർശിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുക
- പഠനകളരി സംഘടിപ്പിക്കുക
- യു ക്യാറ്റ് പഠനങ്ങൾ സംഘടിപ്പിക്കുക

3.**സാമൂഹ്യതലം**

- രക്തദാനസേന രൂപീകരിക്കുക
- കവലകളിൽ വാർത്താ ബോർഡുകൾ, ബസ് യാത്രാ സമയങ്ങൾ തുടങ്ങിയവ സ്ഥാപിക്കുക
- ഗ്രാമസഭകളിൽ പങ്കെടുക്കുക
- സാധുക്കൾക്ക് ഭവനം നിർമ്മിച്ച് നൽകുക
- അവധിക്കാല സൗജന്യ ട്യൂഷൻ പദ്ധതി നടപ്പാക്കുക
- ശുചീകരണ പ്രവർത്തനങ്ങൾ - പൊതു സ്ഥലം,വെയ്റ്റിംഗ് ഷെഡ്, ആശുപത്രികൾ മുതലായവ
- ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ
- രോഗീ സന്ദർശനം, അനാഥാലയ സന്ദർശനം, ജയിൽ സന്ദർശനം മുതലായവ സംഘടിപ്പിക്കുക
- പൊതുപ്രശ്നങ്ങളിൽ യുവദീപ്തിയുടെ നിലപാടു വ്യക്തമാക്കുന്ന മാധ്യമസംവാദങ്ങൾ, പ്രസ്താവനകൾ,
- പത്രക്കുറിപ്പുകൾ മുതലായവ നൽകുക.
- വെയ്റ്റിംഗ് ഷെഡ്, റീഡിംഗ് റൂം തുടങ്ങിയവ നടപ്പിൽ വരുത്തുക
- ഉപഭോക്തൃ ഫോറങ്ങൾ രൂപീകരിക്കുക
- സാമൂഹ്യനീതി, വനിത, യുവജന ദിനാചരണങ്ങൾ നടത്തുക
- തൊഴിൽ ഫണ്ട് സമാഹരണം, തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക
- പരിസ്ഥിതി സംരക്ഷണ പ്രവർത്തങ്ങൾ നടത്തുക

4. **വ്യക്തിത്വ വികസനം**

- മാസത്തിൽ ഒരിക്കൽ എല്ലാ യുവജനങ്ങൾക്കും വേണ്ടി ഏകദിന സെമിനാർ
- യൂത്ത് ലൈബ്രറി, കൈയെഴുത്ത് മാസിക
- ക്യാമ്പുകൾ
- കരിയർ ഗൈഡൻസ് സെമിനാറുകൾ, നേതൃത്വ പരിശീലനം
- ബോധവത്കരണ ക്ലാസുകൾ, സംവാദങ്ങൾ
- യുവജനങ്ങൾക്കായി കലാകായിക മത്സരങ്ങൾ, പരിശീലനകളരികൾ
- പഠനയാത്രകൾ
- മെറിറ്റ് ഈവനിംഗ് സംഘടിപ്പിക്കുക

**യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ ഫൊറോന – രൂപത തല മത്സരങ്ങളുടെ പ്രായപരിധി : 15 – 30 ( 1994 മെയ് 1 – 2010 മെയ് 1 )**

## യൂണിറ്റിൽ സൂക്ഷിക്കേണ്ട റെക്കോർഡുകൾ

- അംഗത്വ രജിസ്റ്റർ
- മിനിറ്റ്സ് ബുക്ക്
- റിപ്പോർട്ട് ബുക്ക്
- അക്കൗണ്ട് ബുക്ക്
- രസീത് ബുക്ക്
- നിയമാവലി
- പ്രാർത്ഥന പുസ്തകം
- ആൽബം
- കത്തുകളുടെ ഫയൽ
- സന്ദർശക ഡയറി
- സീൽ
- പതാക
- വി.തോമസ് മൂറിന്റെ ഛായാചിത്രം
- പ്രവർത്തന മാർഗരേഖ

## ദിനാചരണങ്ങൾ

- മാർച്ച് 8 — വനിതാദിനം
- മെയ് 1 — തൊഴിലാളി ദിനം,വി.യൗസേപ്പിതാവിന്റെ തിരുനാൾ
- ജൂൺ 5 — പരിസ്ഥിതി ദിനം
- ജൂൺ 22 — വി.തോമസ് മൂർ ദിനം
- ജൂലൈ 3 — സെന്റ് തോമസ് ദിനം
- ജൂലൈ 6 — യുവജന ദിനം
- ജൂലൈ 28 — വി.അൽഫോൻസാമ്മയുടെ തിരുനാൾ
- ആഗസ്റ്റ് 15 — പരി.കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ
- സെപ്റ്റംബർ 5 — അദ്ധ്യാപകദിനം
- സെപ്റ്റംബർ 8 — പരി.കന്യകാമറിയത്തിന്റെ ജനന തിരുനാൾ
- ഡിസംബർ 8 — പരി.കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ
- ഡിസംബർ 28 — കെ.സി.വൈ.എം പതാക ദിനം & സ്ഥാപക ദിനം

# ഫൊറോന ഇൻചാർജേഴ്സ്

| | | |
|---|---|---|
| • ആരക്കുഴ | ഹെൽഗ കെ ഷിബു | 9383464523 |
| • കാളിയാർ | എബിൻ ഫിലിപ്പ് | 9539728009 |
| • കരിമണ്ണൂർ | ജെറിൻ വർഗീസ് | 9539816450 |
| • കുറുപ്പംപടി | ജോബിൻ സണ്ണി | 8086630839 |
| • കോതമംഗലം | അൽഫോൻസ ജോയി | 8590886799 |
| • മാറിക | ആൽബിൻ ജോഷി | 8921294249 |
| • മുതലക്കോടം | ഡിയ ഡായി | 8157886115 |
| • മൂവാറ്റുപുഴ | അമല പ്ലാക്കീൽ | 9495431527 |
| • മൈലക്കൊമ്പ് | ലിബിൻ തോമസ് | 9539807549 |
| • ഊന്നുകൽ | മെൽബിൻ കുര്യാക്കോസ് | 8592966425 |
| • പൈങ്ങോട്ടൂർ | ആൻഡ്രിയ കുര്യൻ | 9539749385 |
| • തൊടുപുഴ | എലിസബത്ത് ലവിൻ | 73064 40937 |
| • വാഴക്കുളം | ജോർജ് വർഗീസ് | 8289980449 |
| • വെളിയേൽച്ചാൽ | ജോബിൻ സണ്ണി | 8086630839 |

| | | |
|---|---|---|
| • Social Media Enquiries | ജോർജ് വർഗീസ് | 8289980449 |
| • KCYM Office Enquiries | അനു മേക്കുഴിക്കാട്ട് | 9383429337 |
| | അമല പ്ലാക്കീൽ | 9495431527 |

# കർമ്മവീഥിയിലേക്ക് 2025-26

## മെയ്

- 3 : തിരുസന്നിധിയിൽ
- 4 : രൂപത വാർഷിക കൗൺസിൽ
- 18 : ഫൊറോന വാർഷിക കൗൺസിലുകൾ
- 20 : ജിബിൻ കുന്നേൽ അനുസ്മരണം

- പള്ളിമുറ്റം
- യൂണിറ്റ് വിസിറ്റ്

## ജൂൺ

- 14 : തിരുസന്നിധിയിൽ
- 8 : ബോബി എം പാലക്കൻ അനുസ്മരണം
- 14 - 15 : തളിർ - പരിസ്ഥിതി ദിനാചരണം
- 22 : സെന്റ്.തോമസ് മൂർ ദിനാചരണം
- 29 : Hazon - പ്രവർത്തനവർഷ ഉദ്ഘാടനം

- പള്ളിമുറ്റം
- യൂണിറ്റ് വിസിറ്റ്

## ജൂലൈ

- തിരുസന്നിധിയിൽ
- The Chosen Day - അംഗത്വ സ്വീകരണ ദിനം
- One Flame - യുവജന ദിനം
- 5,6 : Go - Forth - ഫൊറോന ലീഡേഴ്സ് ക്യാമ്പ്
- 13 : ഡയറക്ടർ, ആനിമേറ്റേഴ്സ്, പ്രസിഡന്റ്സ് മീറ്റ്
- 13 : MEDIORA - മീഡിയ വർക്ക് ഷോപ്പ്

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## ആഗസ്റ്റ്

- തിരുസന്നിധിയിൽ
- 3 : അരങ്ങ് - രചനാ മത്സരം
- ഫുട്ബോൾ ടൂർണമെന്റ്
- 15 - 17 : യൂണിറ്റ് ലീഡേഴ്സ് മീറ്റ്

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## സെപ്റ്റംബർ

- തിരുസന്നിധിയിൽ
- മരിയൻ പദയാത്ര
- 13 - 14 : അരങ്ങ് - രൂപത കലോത്സവം

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## ഒക്ടോബർ

- തിരുസന്നിധിയിൽ
- 6 - 8 : YES LORD
- 12 : ബോബി.എം. പാലക്കൻ
  ഷട്ടിൽ ടൂർണമെന്റ് - ഫൊറോന തലം
- ജപമാലമാസ സമാപനം

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## നവംബർ

- തിരുസന്നിധിയിൽ
- 15 - 16 : രൂപത അർദ്ധവാർഷിക കൗൺസിൽ
- ബോബി.എം.പാലക്കൻ
  ഷട്ടിൽ ടൂർണമെന്റ് - രൂപത തലം

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## ഡിസംബർ

- തിരുസന്നിധിയിൽ
- 25 : നോമ്പ് ഒരുക്കം
- 20 - 21 : Nuit de Noels
- Yonder - പ്രവാസി യുവജന സംഗമം
- ഫൊറോന അർദ്ധ വാർഷിക കൗൺസിലുകൾ
- 28 : KCYM സ്ഥാപക ദിനം,പതാക ദിനം

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## ജനുവരി

- തിരുസന്നിധിയിൽ
- ജീവകാരുണ്യ ദിനം
- 24 - 26 : സമേത - യുവജന ക്യാമ്പ്

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## ഫെബ്രുവരി

- തിരുസന്നിധിയിൽ
- ക്രിക്കറ്റ് ടൂർണമെന്റ്
- 50 നോമ്പ് ഒരുക്കം
- ജിബിൻ മെമ്മോറിയൽ ക്വിസ് - ഫൊറോനാ തലം

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## മാർച്ച്

- തിരുസന്നിധിയിൽ
- ഭൂമിക - വനിത സംഗമം
- ജീവകാരുണ്യ ദിനം

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

## ഏപ്രിൽ

- തിരുസന്നിധിയിൽ
- കുരിശുമല തീർത്ഥാടനം
- ജിബിൻ മെമ്മോറിയൽ ക്വിസ് - രൂപത തലം
- 15: രൂപത വാർഷിക കൗൺസിൽ

- പള്ളിമുറ്റം
- Chat With Leaders
- യൂണിറ്റ് വിസിറ്റ്

# കെ.സി.വൈ.എം കോതമംഗലം രൂപത യുവജന ശുശ്രൂഷാ സംരംഭങ്ങൾ

## ബോബി എം. പാലക്കൻ ഷട്ടിൽ ടൂർണമെന്റ്

മുൻ രൂപത ഭാരവാഹിയായിരുന്ന ബോബി എം. പാലക്കന്റെ അനുസ്മരണാർത്ഥം 2012 മുതൽ യുവജനങ്ങൾക്കായി ബോബി എം. പാലക്കൻ മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ് നടത്തപ്പെട്ടു.

## We For Save

We For Save എന്ന പേരിൽ യുവദീപ്തി കെസി.വൈ.എം കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ 2016 മുതൽ ബ്ലഡ് ഡൊണേഷൻ സെല്ല് പ്രവർത്തിക്കുന്നു. ഇടവകയിലെ യുവജനങ്ങൾ നൽകുന്ന പിന്തുണയിലൂടെ അനേകം വ്യക്തികൾക്ക് രക്തദാനം ചെയ്യുന്നു.

## ജിബിൻ മെമ്മോറിയൽ ക്വിസ് കോമ്പറ്റീഷൻ

രൂപതാ ഭാരവാഹിയായിരിക്കെ നമ്മിൽ നിന്ന് വേർപിരിഞ്ഞ ജിബിൻ ജോളി ബേബിയുടെ അനുസ്മരണാർത്ഥം 2019 മുതൽ ജിബിൻ മെമ്മോറിയൽ എന്ന പേരിൽ ക്വിസ് കോമ്പറ്റീഷൻ നടത്തപ്പെടുന്നു. നിയമാവലി, ബൈബിൾ ഭാഗം, ജ്വലനം മുഖപത്രം, യൂ ക്യാറ്റ്, കെ.സി.വൈ.എം നിയമാവലി, കർമ്മപദ്ധതി എന്നിവയോടൊപ്പം അതതു വർഷങ്ങളിൽ കൂട്ടിച്ചേർക്കപ്പെടുന്ന പാഠ്യഭാഗവുമാണ് ക്വിസ്സിന്റെ പഠന വിഷയങ്ങൾ

## അർപ്പണം

കെ സി വൈ എമ്മിന്റെ നേതൃത്വത്തിൽ 2020- 21 പ്രവർത്തന വർഷത്തിൽ ആരംഭിച്ച പ്രാർത്ഥന കൂട്ടായ്മയാണ് അർപ്പണം. പ്രാർത്ഥന നിയോഗങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി ഷെയർ ചെയ്തു നിയോഗാർത്ഥികൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.

## പള്ളിമുറ്റം

2022-23 പ്രവർത്തന വർഷത്തിലെ രൂപതാ സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഇടവക തല സായാഹ്ന കൂട്ടായ്മയാണ് പള്ളിമുറ്റം. ഇടവകകൾ തോറും യുവജനങ്ങൾ ഒരുമിച്ച് ചേരുവാനും ചർച്ചകളും സംവാദങ്ങളും നടത്തുന്നത് വഴി സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും യുവജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുവാനും അവരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കുന്നതിനും പള്ളിമുറ്റം സഹായിക്കുന്നു.

## സ്പർശം

2023-24 പ്രവർത്തന വർഷത്തിലെ രൂപത സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ സ്പർശം എന്ന പേരിൽ കൗൺസിലിംഗ് സെല്ല് പ്രവർത്തനം ആരംഭിച്ചു

## ദിശ –Career & Job Cell

2023-24 പ്രവർത്തന വർഷത്തിലെ രൂപത സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങളിലേക്ക് കരിയർ മേഖലയിലെ വിവരങ്ങളും ജോലി മേഖലയിലെ ഒഴിവുകളും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ദിശ എന്ന പേരിൽ കരിയർ ആൻഡ് ജോബ് സെല്ല് പ്രവർത്തനം ആരംഭിച്ചു. ദിശ എന്ന പേരിൽ വാട്സ്ആപ്പ് ചാനലും പ്രവർത്തിച്ചുവരുന്നു.

## അരങ്ങ് : കലാ – രചനാ മത്സരങ്ങൾ

യുവജനങ്ങളുടെ സാഹിത്യ രചന വൈഭവം വളർത്തുന്നതിനായി രൂപതാതലത്തിൽ 10 ഇനങ്ങൾ ഉൾപ്പെടുന്ന സാഹിത്യരചനാ മത്സരം. മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് സംസ്ഥാനതലത്തിൽ മത്സരിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു.യുവജനങ്ങളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിനായി 7 വ്യക്തിഗത മത്സരങ്ങളും 11 ഗ്രൂപ്പ് മത്സരങ്ങളും ഉൾപ്പെടുന്ന കലോത്സവം നടത്തിവരുന്നു. മത്സരങ്ങളിൽ (നിശ്ചയിച്ചിട്ടുള്ള പോയിന്റിന് മുകളിൽ ലഭിച്ച്) വിജയിക്കുന്നവർക്ക് സംസ്ഥാനതലത്തിൽ മത്സരിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു.

## യുവോത്സവ്

